## മണ്ണ് പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

## ക്വട്ടേഷൻ നോട്ടീസ്

**ക്വട്ടേഷൻ നം: 05/2024-25** **തീയതി : 11/09/2024**

മണ്ണ് പര്യവേക്ഷണ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം ഓഫീസ് ഉപയോഗത്തിനായി മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ (ഒരെണ്ണം) 5 Seater, ഇന്ധനത്തോടുകൂടി എയർകണ്ടീഷൻ ചെയ്ത വാഹനം മാത്രം, (ഡ്രൈവർ ഇല്ലാതെ) പന്ത്രണ്ട് മാസ കാലയളവിലേയ്ക്ക് നൽകുവാൻ താല്പര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ക്വട്ടേഷൻ ലഭിക്കേണ്ട അവസാന തീയതി : 23/09/2024 - ഉച്ചയ്ക്ക് 1 മണി
2) ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്ന തീയതി : 23/09/2024 - ഉച്ചയ്ക്ക് 3 മണി
3) ക്വട്ടേഷൻ സമർപ്പിക്കേണ്ട മേൽവിലാസം :

അസിസ്റ്റന്റ് ഡയറക്ടർ
മണ്ണ് പര്യവേക്ഷണ കാര്യാലയം
ഫോർട്ട് പി.ഒ. തിരുവനന്തപുരം – 695023.

## നിബന്ധനകൾ

1) പ്രതിമാസം 750 കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധികരിച്ച് വരുന്ന കിലോമീറ്റർ കണക്കാക്കുന്നത് 3 മാസക്കാലത്തേയ്ക്ക് ഓടുന്നത് 2250 കിലോമീറ്റർ അധികരിക്കുമ്പോൾ ആയിരിക്കും.
2) നല്ല വർക്കിംഗ് കണ്ടീഷനിലുള്ള വാഹനമായിരിക്കണം നൽകേണ്ടത്. ഡ്രൈവറുടെ സേവനം ആവശ്യമില്ല.
3) മോട്ടോർ വാഹന നിയമപ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ രേഖകളും കൃത്യമായിരിക്കേണ്ടതാണ്. വാഹനത്തിന് ടാക്സി പെർമിറ്റ് ഉൾപ്പെടെയുള്ള എല്ലാ രേഖകളുടെയും പകർപ്പ് (ആർ.സി.ബുക്ക്, ഇൻഷ്വറൻസ്, ടാക്സി പെർമിറ്റ്, വാഹന ഉടമയുടെ തിരിച്ചറിയൽ രേഖ) ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4) 2014- ജനുവരിക്ക് മുമ്പുള്ള വാഹനം പരിഗണിക്കുന്നതല്ല.
5) പ്രതിമാസം 750 കിലോമീറ്റർ സഞ്ചരിക്കുന്നതിനുള്ള ഇന്ധനം, ടാക്സ്, ഡ്യൂട്ടി എന്നിവ ഉൾപ്പെടെയുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്.
6) പ്രതിമാസം 750 കിലോമീറ്റർ ദൂരം സഞ്ചരിക്കാതെ വന്നാൽ ബാലൻസ് വരുന്ന ദൂരം തുടർന്ന് വരുന്ന മാസങ്ങളിൽ ക്യാരി ഓവർ ചെയ്ത് ഉപയോഗിക്കാൻ തയ്യാറാവേണ്ടതാണ്.
7) കരാർ കാലയളവിൽ യാതൊരുവിധ നിരക്ക് വർദ്ധനയും അനുവദിക്കുന്നതല്ല. 750 കിലോമീറ്റർ അധികരിച്ചാൽ കിലോമീറ്ററിന് ഇന്ധനമുൾപ്പെടെ ഈടാക്കുന്ന നിരക്ക് ക്വോട്ട് ചെയ്യേണ്ടതാണ്.
8) അവധി ദിവസം ഉൾപ്പെടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
9) വാഹനത്തിന് എന്തെങ്കിലും തകരാർ സംഭവിക്കുകയാണെങ്കിൽ പകരം സംവിധാനം വാഹന ഉടമ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

10) മണ്ണ് പര്യവേഷണ അസിസ്റ്റന്റ് ഡയറക്ടർക്ക് ഏതു സമയത്തും വാഹന കരാർ റദ്ദാക്കാനുള്ള അധികാരം നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നത് അസിസ്റ്റന്റ് ഡയറക്ടർ, മണ്ണ് പര്യവേഷണ കാര്യാലയം, തിരുവനന്തപുരം ആയിരിക്കും..

11) നോട്ടീസിനൊടൊപ്പം ചേർത്തിട്ടുള്ള ഫോർമാറ്റിൽ വേണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

12) കരാർ ലഭിക്കുന്ന വാഹന ഉടമസ്ഥ് കരാർ റദ്ദാക്കണമെങ്കിൽ ഒരു മാസം മുമ്പേ രേഖാമൂലം അറിയിക്കേണ്ടതാണ്.

അസിസ്റ്റന്റ് ഡയറക്ടർ
മണ്ണ് പര്യവേഷണം തിരുവനന്തപുരം

## വാഹനം വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ

ക്വട്ടേഷൻ നം: 05/2024-25 | തീയതി : 11/09/2024

1. ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര് :
2. മേൽവിലാസം :
3. മൊബൈൽ നം. :
4. വാഹനത്തിന്റെ മോഡൽ :
5. വാഹനം നിർമ്മിച്ച വർഷം :
6. രജിസ്ട്രേഷൻ നമ്പർ, തീയതി :
7. പ്രതിമാസം 750 കിലോമീറ്റർ സഞ്ചരിക്കുന്നതിൽ ഇന്ധനമുൾപ്പെടെയുള്ള നിരക്ക്. :
8. പ്രതിമാസം 750 കി.മീ അധികരിച്ചാൽ കിലോ മീറ്ററിന് ഇന്ധനമുൾപ്പെടെ ഈടാക്കുന്ന നിരക്ക് :

ക്വൊട്ടേഷനോടൊപ്പം സമർപ്പിക്കുന്ന രേഖകൾ :

നോട്ടീസിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ സമർപ്പിക്കുവാൻ ഞാൻ തയ്യാറാണെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

തീയതി : ഒപ്പ്

സ്ഥലം : പേര്